FRIDAY 15.12.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**
**GOVERNMENT OF KERALA**


**Chief Editor : ASA S KUMAR** **Editor : Dr BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഹരിപ്പാട് എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്, നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. കുട്ടനാട്ടിലെ പുഞ്ചകൃഷി ആരംഭിച്ച വെളിയനാട് പഞ്ചായത്തിലെ തൈപ്പറമ്പ് വടക്ക്, പടിഞ്ഞാറെ വെള്ളിസ്രാക്ക എന്നീ പാടശേഖരങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ചിത്രകീടത്തിന്റെ സാന്നിദ്ധ്യം മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രത്തിന്റെ ഫീൽഡ്തല നിരീക്ഷണത്തിൽ കണ്ടെത്തി. ഈച്ച വർഗ്ഗത്തിൽപ്പെട്ട ഈ കീടം, വിതച്ച് ആദ്യ 25 ദിവസത്തിനുള്ളിലാണ് നെൽകൃഷിയെ ആക്രമിക്കുന്നത്. ഇലപ്പരപ്പിൽ മുട്ടകളിടുന്ന ഇവയുടെ മാഗട്ടുകൾ എന്നറിയപ്പെടുന്ന പുഴുക്കൾ ഇലയ്ക്കകത്തിരുന്ന് ഹരിതകം കാർന്ന് തിന്നുന്നു. തന്മൂലം ഇലകളിൽ വെള്ള നിറത്തിൽ പാടുകൾ പ്രത്യക്ഷപ്പെടുന്നു. മൂടിക്കെട്ടിയ കാലാവസ്ഥ ഈ കീടത്തിൻ്റെ വ്യാപനത്തിന് അനുകൂലമാണ്. ചെടിയുടെ ആദ്യ വളർച്ചാ ഘട്ടത്തിൽ ഈ കീടം ആക്രമിക്കുന്നതിനാൽ ചെടികൾ ഉരുകി പോകുന്ന അവസ്ഥ ഉണ്ടാകാം. സൂക്ഷ്മദർശിനിയിലൂടെയുള്ള നിരീക്ഷണത്തിൽ മാത്രമേ കീടത്തെ തിരിച്ചറിയാനാവു. ആയതിനാൽ കർഷകർ പാടത്ത് ആക്രമണ ലക്ഷണങ്ങൾ ഉണ്ടോ എന്ന്

സാം ജോൺ നിഷോലസ് ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിരീക്ഷിക്കേണ്ടതാണ്. കീടബാധ ഒഴിവാക്കുവാനുള്ള ഏറ്റവും പ്രധാന മാർഗ്ഗം 6 മണിക്കൂർ തുടർച്ചയായി വെള്ളം കയറ്റി നെൽച്ചെടികൾ പൂർണ്ണമായി മുക്കിയിടുക എന്നതാണ്. അങ്ങനെ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രമേ രാസകീടനാശിനി പ്രയോഗം ആവശ്യമായിട്ടുള്ളൂ. രാസകീടനാശിനി പ്രയോഗത്തിന് മുൻപ് മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 9567819958 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കുന്ന പ്രധാനമന്ത്രി സമ്പദ് യോജന 2023-24 വിവിധ ഘടക പദ്ധതികളായ ഇന്റഗ്രേറ്റഡ് ഓർണമെന്റൽ ഫിഷ് റിയറിംഗ് യൂണിറ്റ്, മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി/മത്സ്യ പരിപാലന യൂണിറ്റ്, ഓരുജല കുള നിർമ്മാണം, ശുദ്ധജല മത്സ്യക്കൃഷിക്കായുള്ള പ്രവർത്തനചെലവ്, ഓരുജല മത്സ്യക്കൃഷിക്കായുള്ള പ്രവർത്തനചെലവ്, ഓരുജലകൂട് എന്നിവക്കും ബയോഫ്ളോക്ക് കുളം നിർമ്മാണം (വനിതകളിൽ നിന്നും) അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കും. അപേക്ഷ അനുബന്ധരേഖകൾ സഹിതം ഡിസംബർ 16ന് വൈകിട്ട് നാല് മണി വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497-2732340.

5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 - 55 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക്' തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 10.00 മണിമുതൽ 5.00 മണിവരെ 9495000915, 0471-2468585 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. NABARD ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം സംയോജിത കൃഷിയിൽ 10 ദിവസത്തെ നൈപുണ്യ വികസന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കണ്ണൂർ ജില്ലയിലുള്ള 40 വയസ്സിനു താഴെയുള്ള കർഷകർക്കാണ് മുൻഗണന. പദ്ധതിയുടെ ഭാഗമായി പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കണ്ണൂർ ജില്ലയിലെ കർഷകർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിളിച്ച് ഇന്ന് തന്നെ (ഡിസംബർ 15) 5 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8547675124.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "**രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഡിസംബർ 18 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഡിസംബർ 17 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണണ്ടതാണ്. ഇരുപത്തിനാല് ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ സ്മാർട്ട് ഫോണിൻറെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം.

8. നാളികേര ഗവേഷണ കേന്ദ്രം ബാലരാമപുരത്ത് ICAR-NAHEP-CAAST-KAU 'നാളികേര മൂല്യവർധിത ഉൽപന്ന നിർമ്മാണത്തിൽ ഡിസംബർ മാസം രണ്ടു ദിവസത്തെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നൽകുന്നു. താല്പര്യമുള്ള നാളികേര കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, എഫ്.പി. ഓ (FPO), വ്യക്തികൾ, സംരംഭകർ, വിവിധ ഗ്രൂപ്പുകൾ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ 0471-2400621, 8547603318 എന്നീ നമ്പറിൽ വിളിച്ചു പരിശീലനത്തിന് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനം നടത്തുന്ന തീയതികൾ ഡിസംബർ 15, 16 തീയതികളിലും ഡിസംബർ 20,21 തീയതികളും.

9. കണ്ണൂർ, മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ഡിസംബർ 19-ാം തീയതി **മുയൽ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 18/12/2023 ന് മുമ്പായി 04972-763473 എന്ന നമ്പറിൽ ബന്ധപ്പെടുക.

10. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 16ന് (16.12.2023) 10 മണി മുതൽ 04 മണി വരെ **അടുക്കളമുറ്റത്തെ കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.